പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5673

09.07.2012-ലെ
മറുപടിക്ക്.

<u>ജില്ലാ തല ടീച്ചേഴ്സ് ബാങ്ക്</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ ജില്ലാ തലത്തിൽ ടീച്ചേഴ്സ് ബാങ്ക് നിലവിലുണ്ടോ; എന്നുമുതലാണ് നിലവിൽ വന്നത്; | (എ) ജില്ലാ തലത്തിൽ ടീച്ചേഴ്സ് ബാങ്ക് പൂർണ്ണമായും നിലവിൽ വന്നിട്ടില്ല. |
| ബി പ്രസ്തുത ബാങ്കിൽ എത്ര അദ്ധ്യാപകരുടെ ലിസ്റ്റ് നിലവിലുണ്ട്; | (ബി) വിവിധ കാരണങ്ങളാൽ ശമ്പളം ലഭിക്കാത്ത 2810 അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകി ബന്ധപ്പെട്ട സ്കൂളിൽ നിലനിർത്തിയിട്ടുണ്ട്. അതുപോലെ റീ ട്രഞ്ച്ഡ് ചെയ്യപ്പെട്ട 1159 അദ്ധ്യാപകരേയും 127 സ്പെഷ്യൽ ടീച്ചേഴ്സിനേയും 10 ദിവസത്തെ ട്രയിനിംഗ് നൽകി ക്ലസ്റ്റർ കോ ഓഡിനേറ്ററായി താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർക്ക് വേണ്ടി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ബാങ്കിൽകൊണ്ട് വരുന്നതാണ്. സർക്കാർ സ്കൂളുകളിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സ്കൂളുകളിൽ പി.എസ്.സി.യിൽ നിന്നും അദ്ധ്യാപകർ വരുന്ന മുറയ്ക്ക് ബാങ്കിൽ വരുന്നതാണ്. |
| സി ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർക്ക് പുനർ നിയമനം നൽകി ശമ്പളം നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) റിട്രഞ്ച്ഡ് അദ്ധ്യാപകർക്ക് ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി എസ്.എസ്.എ.-യിൽ നിയമിച്ച് ശമ്പളം നൽകുന്നതിനുള്ള ഉത്തരവ് ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ